**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസ് കാസർഗോഡ് നിന്ന് കാഞ്ഞങ്ങാട് സബ് ഡിപ്പോയിലേക്ക് മാറ്റാൻ ഉത്തരവ് ഇറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ ജില്ലാ ഓഫീസുകളും, തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം സൗത്ത് എന്നിങ്ങനെ രണ്ട് ജില്ലാ ഓഫീസുകളും ചേർത്ത് ആകെ പതിനഞ്ച് ജില്ലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് 24.5.2022 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കാഞ്ഞങ്ങാട് ഡിപ്പോയിലെ കെട്ടിടം ജില്ലാ ഓഫീസ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായി കണ്ടതിനാൽ കാസർഗോഡ് ജില്ലാ ഓഫീസ് കാഞ്ഞങ്ങാട് ഡിപ്പോയിലെ കെട്ടിടത്തിൽ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ജില്ലാ ഓഫീസ് കാസർഗോഡ് തന്നെ നിലനിർത്താൻ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് സംബന്ധിച്ച തീരുമാനത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനത്ത് തന്നെ പ്രവർത്തിക്കുന്നത് ഉചിതമായി കണ്ടതിനാൽ കാഞ്ഞങ്ങാട് നിശ്ചയിച്ചിരുന്ന ജില്ലാ ഓഫീസ് കാസർഗോഡ് ഡിപ്പോ കെട്ടിടത്തിലേക്ക് മാറ്റിക്കൊണ്ട് 03.06.2022ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ : ബിജു പ്രഭാകർ IAS

കെ.എസ്.ആർ.ടി.സി.യിൽ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം - കാസർഗോഡ് ജില്ലാ ഓഫീസ് ആസ്ഥാനം ഭേദഗതി വരുത്തി ഉത്തരവാകുന്നത് -

---

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ

നമ്പർ 550/GL2/2022/RTC. തീയതി, തിരുവനന്തപുരം, 03-6-2022.

വായന:- ഈ ഓഫീസിലെ 24-5-2022ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി.യിൽ ജില്ലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് മേൽ വായന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കാസർഗോഡ് ജില്ലാ ഓഫീസ് ആസ്ഥാനം കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ജില്ലാ ഓഫീസ്, കാസർഗോഡ് പ്രവർത്തിക്കുന്നതാണ് കൂടുതൽ അനുയോജ്യമെന്ന് ബോധ്യപ്പെട്ടതിനാൽ കാസർഗോഡ് ജില്ലാ ഓഫീസ് ആസ്ഥാനം കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോ ടെർമിനലിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിന്റെ പശ്ചാത്തലത്തിൽ കാസർഗോഡ് ഡിപ്പോയിലേയ്ക്ക് ജില്ലാ ഓഫീസ് ആസ്ഥാനം മാറ്റുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ (P&CW) സ്വീകരിക്കേണ്ടതാണ്.

ടി ഉത്തരവിൽ മറ്റ് ഭേദഗതികളൊന്നും വരുത്തിയിട്ടില്ല.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. ഡി.റ്റി.ഒ (അഡ്മിനിസ്ട്രേഷൻ & ഫിനാൻസ്), കാസർഗോഡ് ജില്ല - ചീഫ് എഞ്ചിനീയർ (P&CW)യുമായി ബന്ധപ്പെട്ട് ഓഫീസ് മാറ്റുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ചീഫ് എഞ്ചിനീയർ (P&CW) – നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി.

പകർപ്പ് : എല്ലാ യൂണിറ്റ് / മേഖലാ / വർക് ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ/ കരുതൽ ഫയൽ.

**സെക്ഷൻ ഓഫീസർ**